# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.03.2025**

## പ്രധാനവാർത്തകൾ

1. ജലസംരക്ഷണത്തിൻറെ സന്ദേശമുയർത്തി ലോകം ഇന്ന് ഭൗമ മണിക്കൂർ ആചരിക്കും. ഭാവി തലമുറകൾക്കായി ജലം സംരക്ഷിക്കേണ്ടത് അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സമൂഹത്തിൽ മാറ്റത്തിന്റെ മുന്നോടിയായി യുവാക്കൾ മാറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.

3. സംസ്ഥാനത്ത് ട്രിപ്പിൾ നെഗറ്റീവ് ബ്രസ്റ്റ് ക്യാൻസറിനുള്ള വാക്സിൻ വികസിപ്പിക്കുമെന്നും ക്യാൻസർ ചികിത്സയ്ക്കായി 24 ആശുപത്രികൾ സജ്ജമെന്നും മന്ത്രി വീണാ ജോർജ്.

4. ഹയർസെക്കൻഡറി വാർഷിക പരീക്ഷ ചോദ്യപേപ്പറിലെ അക്ഷരത്തെറ്റുകൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകി മന്ത്രി വി. ശിവൻകുട്ടി.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത, 7 ജില്ലകളിൽ മഞ്ഞ ജാഗ്രത.

6. ഐ പി എൽ ക്രിക്കറ്റ് 18-ാാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരം കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിൽ.

*************************************

## ജലദിനം - പ്രധാനമന്ത്രി - ഇൻട്രോ

ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജലസംരക്ഷണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന വീഡിയോ അദ്ദേഹം സമൂഹമാധ്യമത്തിൽ പങ്കു വച്ചു. നാഗരികതകളുടെ ജീവനാഡിയായിരുന്ന ജലം ഭാവി തലമുറകൾക്കായി സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

************************************

## ഭൗമ മണിക്കൂർ

ജലസംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യ ഇന്ന് ഭൗമ മണിക്കൂർ ആചരണത്തിൽ പങ്കുചേരും. രാത്രി 8:30 മുതൽ രാത്രി 9:30 വരെ അവശ്യമല്ലാത്ത എല്ലാ വൈദ്യുത വിളക്കുകളും അണച്ചാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്. 'ജല ഉപയോഗത്തെ കുറിച്ച് അവബോധമുള്ളവരായിരിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNU TVPM

************************************

## ഗവർണർ - കോഴിക്കോട്

സമൂഹത്തിൽ മാറ്റത്തിന്റെ മുന്നോടിയായി യുവാക്കൾ മാറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കാലിക്കറ്റ് സർവകലാശാല സെനറ്റിനെ ചാൻസലർ എന്ന നിലയിൽ അഭിസംബോധന ചെയ്യുകയായിരുന്നു ഗവർണർ. ലഹരി വിരുദ്ധ പ്രസ്ഥാനത്തിൽ സമൂഹത്തിന് നിഷ്ക്രിയ കാഴ്ചക്കാരായി നിൽക്കാൻ

കഴിയില്ലെന്നും ലഹരിമരുന്ന് വിപത്തിനെതിരെ പോരാടുന്നതിൽ വിദ്യാർത്ഥികളും നയരൂപീകരണ വിദഗ്ധരും ഒരുപോലെ സജീവമായി പങ്കാളികളാകണമെന്നും സംസ്ഥാന വ്യാപക ലഹരി വിരുദ്ധ പ്രചാരണം ഉദ്ഘാടനം ചെയ്തുകൊണ്ട് ഗവർണർ പറഞ്ഞു.

**************************************

## മണ്ഡല പുനനിർണയം-യോഗം

ലോക്സഭാ മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള ആദ്യ സംയുക്ത പ്രവർത്തകസമിതി യോഗം ചെന്നൈയിൽ നടന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർ പങ്കെടുത്തു. മണ്ഡല പുനർനിർണയത്തിനുള്ള നീക്കം ജനാധിപത്യ മൂല്യങ്ങളെയും ജനാധിപത്യത്തിന്റെ അടിസ്ഥാനമായ ഫെഡറലിസത്തെയും അട്ടിമറിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ വിമർശിച്ചു. മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള രണ്ടാമത്തെ സംയുക്ത പ്രവർത്തക സമിതി യോഗം ഹൈദരാബാദിൽ നടക്കും.

**************************************

## ധനമന്ത്രി - ധനസഹായം

കേരള മെഡിക്കൽ സർവീസസ് കോർപറേഷന് സർക്കാർ സഹായമായി 100 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. സർക്കാർ ആശുപത്രികൾക്കായി മരുന്നുകൾ വാങ്ങിയതിൻറെ ബിൽ തുക നൽകുന്നതിനാണ് പണം അനുവദിച്ചത്.

RNUTVPM

കുടിശ്ശിക കിട്ടാത്തതു കാരണം അടുത്ത വർഷത്തെ മരുന്നു വിതരണത്തിന് കമ്പനികൾ തയ്യാറായിരുന്നില്ല.

***********************************

## അക്ഷരത്തെറ്റുകൾ റിപ്പോർട്ട് - വി. ശിവൻകുട്ടി

ഹയർ സെക്കൻഡറി വാർഷിക പരീക്ഷയുടെ ചില ചോദ്യപേപ്പറുകളിലെ അക്ഷരത്തെറ്റുകൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി വി ശിവൻകുട്ടി നിർദേശം നൽകി. ചോദ്യപേപ്പർ നിർമ്മാണത്തിൻറെ ഏതു ഘട്ടത്തിലാണ് അശ്രദ്ധ ഉണ്ടായത് എന്ന് കണ്ടെത്തും. വിദ്യാർഥികളെ ഏറെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ മൂല്യനിർണയ സമയത്ത് വേണ്ട നടപടി കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

***********************************

RNU TVPM

## ആശാ വർക്കർ സമരം

സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം തുടർന്ന് ആശാ പ്രവർത്തകർ. മറ്റന്നാൾ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കൂട്ട ഉപവാസമിരിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു. അതേസമയം ആശാ പ്രവർത്തകരുടെ രാപകൽ സമരം 41 ആം ദിവസത്തിലേക്ക് കടന്നു.

***********************************

## ബ്രസ്റ്റ് ക്യാൻസർ വാക്സിൻ - വീണാ ജോർജ്

സംസ്ഥാനത്ത് ട്രിപ്പിൾ നെഗറ്റീവ് ബ്രസ്റ്റ് ക്യാൻസറിനുള്ള വാക്സിൻ വികസിപ്പിക്കുമെന്ന് മന്ത്രി വീണാ ജോർജ്. വയനാട്

നല്ലൂർനാട് ക്യാൻസർ സെന്ററിൽ സ്ഥാപിച്ച സി.ടി സിമുലേറ്റർ സ്കാൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ക്യാൻസർ ചികിത്സയ്ക്കായി 24 ആശുപത്രികൾ സജ്ജമാക്കിയതായും മന്ത്രി പറഞ്ഞു.

***********************************

## ആകാശവാണി - കോട്ടയം പിടിസി

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കിലോ മീറ്റർ ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് പ്രസാർ ഭാരതി വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ മേയ് 30 വരെ സ്വീകരിക്കും.

RNU TVPM

***********************************

## മഹാ മണ്ഡലേശ്വർ

മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി ശിവഗിരിയിൽ ശ്രീ നാരായണ ഗുരു ദേവൻറെ സമാധി സന്ദർശിച്ച് പ്രാർത്ഥന നടത്തി. ശ്രീ നാരായണ ഗുരുകുലത്തിൽ അദ്ദേഹം ദൈവദശകം ജപിക്കുകയും ചെയ്തു.

***********************************

## ഹരിത റെയിൽവേ സ്റ്റേഷൻ - കണ്ണൂർ - ഇൻട്രോ

സംസ്ഥാനത്തെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷനായി കണ്ണൂർ ജില്ലയിലെ കണ്ണപുരം റെയിൽവേ സ്റ്റേഷനെ പ്രഖ്യാപിച്ചു. ജില്ലാ കളക്ടർ അരുൺ കെ വിജയൻ ആണ് പ്രഖ്യാപനം നടത്തിയത്.

വിശദാംശങ്ങളുമായി ആകാശമാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ....

(വോയ്സ്)

************************************

## കാലാവസ്ഥ - സംസ്ഥാനം

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളയും ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി.

************************************

## ഐ.പി.എൽ

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30 നാണ് മത്സരം.

************************************

## മലയിൻകീഴ് ആറാട്ട് - പ്രാദേശിക അവധി

തിരുവവന്തപുരത്തെ മലയിൻകീഴ് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ആറാട്ടിനോടനുബന്ധിച്ച് ചൊവ്വാഴ്ച പ്രാദേശിക അവധി പ്രഖ്യാപിച്ചു. മലയിൻകീഴ്, വിളവൂർക്ക , മാറനല്ലൂർ, വിളപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സർക്കാർ

RNU TVPM

സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

***********************************

## തൊടുപുഴ കൊലപാതകം

തൊടുപുഴ ചുങ്കത്തുനിന്ന് മൂന്നുദിവസം മുമ്പ് കാണാതായ ബിജു ജോസഫിൻ്റെ മൃതദേഹം കണ്ടെത്തി. ബിജുവിൻ്റെ വ്യാപാര പങ്കാളി ജോമോൻ്റെ കലയന്താനിയിലുള്ള കാറ്ററിങ് ഗോഡൗണിലെ മാൻഹോളിലാണ് മൃതദേഹം കണ്ടെത്തിയത്. സാമ്പത്തിക തർക്കത്തെത്തുടർന്നുള്ള കൊലപാതകമെന്നാണ് റിപ്പോർട്ട്.

***********************************

## അഹല്യ ശങ്കർ-നിര്യാണം

മുതിർന്ന ബിജെപി നേതാവ് അഹല്യാ ശങ്കർ കോഴിക്കോട്ട് അന്തരിച്ചു. വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെയാണ് അന്ത്യം. കോഴിക്കോട്ട് നടന്ന ജനസംഘം സമ്മേളനത്തിലൂടെയാണ് ഇവർ സജീവ രാഷ്ട്രീയ രംഗത്തെത്തിയത്. ബിജെപി സംസ്ഥാന കമ്മിറ്റി അംഗം, ദേശീയ നിർവാഹക സമിതി അംഗം, മഹിളാ മോർച്ച സംസ്ഥാന പ്രസിഡൻ്റ്, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അതേസമയം അഹല്യ ശങ്കറിൻ്റെ വിയോഗത്തിൽ ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അനുശോചനം രേഖപ്പെടുത്തി.

***********************************

RNU TVPM

## അയിലം ഉണ്ണികൃഷ്ണൻ അന്തരിച്ചു

കാഥികനും നാടക പ്രവർത്തകനുമായ അയിലം ഉണ്ണികൃഷ്ണൻ അന്തരിച്ചു. 73 വയസായിരുന്നു. ന്യുമോണിയ ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. അതേസമയം അയിലം ഉണ്ണികൃഷ്ണൻറെ വിയോഗത്തിൽ സാംസ്കാരിക മന്ത്രി സജി ചെറിയാൻ അനുശോചനം രേഖപ്പെടുത്തി.

************************************

## പാഠപുസ്തക വിതരണം

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ എല്ലാ പാഠപുസ്തകങ്ങളുടെയും വിതരണം മേയ് മാസത്തിൽ പൂർത്തിയാക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. പത്താം ക്ലാസിലെ പാഠപുസ്തകങ്ങളുടെ പ്രകാശനവും വിതരണ ഉദ്ഘാടനവും ഈ മാസം 25ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

RNU TVPM

************************************

## എം. ജി സർവകലാശാല – ആർ ബിന്ദു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് യു ജി സി യുടെ നമ്പർ വൺ കാറ്റഗറിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതായും ഇത് സംബന്ധിച്ച അറിയിപ്പ് വന്നതായും മന്ത്രി ആർ ബിന്ദു. കാസർകോട്ട് മാധ്യമ പ്രവർത്തരോട് സംസാരിക്കുകയായിരുന്നു മന്ത്രി. യുജിസിയുടെ കണക്ക് പ്രകാരം കേരളത്തിൽ നിന്നുള്ള സർവ്വകലാശാലകൾ ആദ്യ റാങ്കുകളിൽ വന്നിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

************************************

## നഴ്സിംഗ് കോളേജ് - ആത്മഹത്യ

കാഞ്ഞങ്ങാട് നഴ്സിങ് കോളേജിലെ ഹോസ്റ്റൽ മുറിയിൽ ആത്മഹത്യക്ക് ശ്രമിച്ച് നാലു മാസത്തോളം അബോധാവസ്ഥയിലായിരുന്ന വിദ്യാർത്ഥിനി മരിച്ചു. കാഞ്ഞങ്ങാട് മൻസൂർ സ്കൂൾ ഓഫ് നഴ്സിംഗിൽ മൂന്നാം വർഷ വിദ്യാർത്ഥിനി പാണത്തൂരിലെ സദാനന്ദൻ - ഓമന ദമ്പതികളുടെ മകൾ ചൈതന്യകുമാരി ആണ് ചികിത്സയ്ക്കിടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ മരണത്തിന് കീഴടങ്ങിയത്.

*****************************************************

***********************************

*********************

RNU TVPM